ALL SAINTS PUBLIC SCHOOL.

HALF-YEARLY EXAMINATION(2024-’25)

CLASS:V    മലയാളം  MARKS:60

I)താഴെക്കൊടുത്തിരിക്കുന്ന ഗദ്യ ഭാഗം വായിച്ചു ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (5×2=10)

വിജ്ഞാനം വിദ്യാർത്ഥികളിൽ പകരുന്ന ഗുരുക്കന്മാരുടെ സങ്കേതമാണ് സർവ്വകലാശാല. നല്ല ഗ്രന്ഥശാല സർവ്വകലാശാലയ്ക്ക് തുല്യമാണ്. വടിയെടുക്കാതെയും കണ്ണുരുട്ടാതെ യും പഠിപ്പിക്കുന്ന മാതൃകാ അധ്യാപകർ തന്നെയാണ് ഗ്രന്ഥങ്ങൾ. റൂസ്വെൽറ്റ് പറഞ്ഞ ഈ വാക്യം ശ്രദ്ധിക്കുക, “വ്യക്തികൾ മരിക്കും പുസ്തകങ്ങൾ മരിക്കുന്നില്ല.” അറിവിന്റെ നിധികളായ ഗ്രന്ഥങ്ങൾ സൂക്ഷിക്കുന്ന സ്ഥലമാണ് ഗ്രന്ഥശാലകൾ.ഓരോ വ്യക്തിയും  വളയാതെ വളർന്നു വിളയണമെങ്കിൽ വായിക്കണം  എന്നാണ് കുഞ്ഞുണ്ണി മാഷ് പറയുന്നത്.നളന്ദ, തക്ഷ ശില എന്നിവിടങ്ങളിലെ വായനാശാലകൾ ലോകപ്രശസ്തങ്ങൾ ആണല്ലോ.എല്ലാ മേഖലകളിലും ഉള്ള വിജ്ഞാനവും ഒരു കൂരയ്ക്ക് കീഴിൽ ലഭിക്കുന്നു എന്നാണ് ഗ്രന്ഥശാലയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്ന കാര്യം.

ചോദ്യങ്ങൾ

a) പുസ്തകങ്ങളെ കുറിച്ച് റൂസ്വെൽറ്റ് പറഞ്ഞ വാക്യം എന്ത്?

b) എന്താണ് സർവ്വകലാശാല എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?

c) ഗ്രന്ഥശാലയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്ന കാര്യം എന്ത്?

d) വായനയെ കുറിച്ച് കുഞ്ഞുണ്ണി മാഷ് പറയുന്നത് എന്താണ്?

e) ലോക പ്ര ശക്തങ്ങളായ വായനാശാലകൾ ഏതെല്ലാമാണ്?

II) ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (10×1= 10)

1) ഉപ്പു സത്യാഗ്രഹം നടന്ന വർഷം ഏത്

(1932, 1930,1931)

2) അറേബ്യയിലെ സുൽത്താന്റെ പേര് എന്ത്?

( ഹാരൂൺ അൽ റഷീദ് ഷാരൂൺ അൽ റഷീദ്, ഹാരൂൺ അൽത്താഫ് )

3) കർഷകൻ മക്കൾക്കായി കരുതി വെച്ചിരിക്കുന്നത് എന്താണെന്നാണ് പറയുന്നത്?

( സ്വർണ്ണം, നിധി, സമ്പത്ത് )

4) ആൻഡ് ഫ്രാങ്കിന്റെ ഡയറിയുടെ പേരെന്ത്?

(കിറ്റ, കിറ്റി,കീറ്റി)

5)ഇടശ്ശേരി ജനിച്ചത് എവിടെയാണ്?

( പാലക്കാട്, കോഴിക്കോട്, മലപ്പുറം)

5) ഇന്ത്യയിൽ എത്ര കടുവ സംരക്ഷണ കേന്ദ്രങ്ങളാണ് ഉള്ളത്?

( 60, 54,50)

6) ഇളം കുയിൽ എന്താണ് തിന്നത്?

(ഇളം തളിർ, മാന്തളിർ, മാമ്പൂവ് )

8)ചെറുശ്ശേരി ജീവി ച്ചിരുന്ന നൂറ്റാണ്ട് ഏത്?

(15, 16, 18)

9)ഭാരതം സ്വതന്ത്രമായത് എപ്പോൾ?

(1948,1947,1956)

10) ഏറ്റവും കൂടുതൽ കടുവകൾ ഉള്ള ഇന്ത്യൻ സംസ്ഥാനം ഏത്?

( ആന്ധ്രപ്രദേശ്, മധ്യപ്രദേശ്, ആസാം )

III)1) അർത്ഥം എഴുതുക (2)

a) കൗമുദി b) കരുത്തുറ്റ

2) പര്യായപദങ്ങൾ എഴുതുക (2)

a)കാറ്റ് b)വയൽ

3) വിപരീതപദം എഴുതുക (2)

a)ദുഷ്ടൻ b)അർഹൻ

4) പിരിച്ചെഴുതുക (2)

a) മരുപ്പച്ച b) വെള്ളക്കിടക്ക

5) അർത്ഥവ്യത്യാസം എഴുതുക (2)

A ഉദ്ദേശം – ഉദ്ദേശ്യം

6) വിഗ്രഹിക്കുക (2)

a) പൂന്തേൻ b)വീട്ടുവരാന്ത

7) ചേർത്ത് എഴുതുക (2)

a) കുറ്റി+കാട് b)പൂ+തുമ്പി

8) വാക്യത്തിൽ പ്രയോഗിക്കുക(2)

a) ആത്മധൈര്യം b) മനസ്സു നിറി

IV. ചേരുംപടി ചേർക്കുക (5)

a) പറമ്പിക്കുളം – സിംഹം

b) അരയിൽ - അമ്പിളിമാമൻ

c) വെള്ളിച്ചാറ് - കിങ്ങിണി

d) മാനത്ത് – കടുവാ സങ്കേതം

e) മൃഗരാജൻ - നിലാവ്

V. പദ്യം എഴുതുക (4)

" നങ്ങേലിയമ്മയുടെ പൊന്നുണ്ണി" എന്ന പദ്യത്തിൽ നിന്ന് 8 വരി എഴുതുക?

VI. ബ്രാക്കറ്റിൽ നിന്ന് അനുയോജ്യമായ ഉത്തരം തിരഞ്ഞെടുത്തു പൂരിപ്പിക്കുക(5)

( ഹോക്കി, ഡോൾഫിൻ, അരയാൽ, ആന, ഗംഗ, മയിൽ, കടുവ)

1) ദേശീയ വൃക്ഷം ________ആണ്.

2) _________ ആണ് ദേശീയ ജലജീവി.

3) ദേശീയ നദി _________.

4) ദേശീയ പൈതൃക മൃഗം _________ ആണ്.

5) ദേശീയ വിനോദം ________.

VII. ഉത്തരം എഴുതുക (5×2=10)

1) കടുവകളുടെ ജീവിതശൈലി എങ്ങനെ ഉള്ളതാണ്?

2) ബ്രിട്ടീഷുകാർക്കെതിരെ സമരം നയിച്ച നേതാക്കൾ ആരെല്ലാം?

3) വിയർപ്പിന്റെ സുഗന്ധം മക്കൾ തിരിച്ചറിഞ്ഞത് എപ്പോൾ?

4) സുൽത്താനും മന്ത്രിയും തൃപ്തരായതെങ്ങനെ?

5) ആൻഡ് ഫ്രാങ്ക് ഡയറിയിൽ എഴുതിയത് എന്തെല്ലാം?